## പതിമൂന്നാം കേരള നിയമസഭ
### നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.183 5.3.2012 ൽ മറുപടിയ്ക്ക്

### വികലാംഗർക്കായി സ്പെഷ്യൽ റിക്രൂട്ട്മെന്റ്

ചോദ്യം മറുപടി

ശ്രീ.സി.മമ്മൂട്ടി മുഖ്യമന്ത്രി

| | |
|---|---|
| എ) പി.എസ്.സി. മുഖേനയുള്ള നിയമനങ്ങളിൽ വികലാംഗർക്ക് പ്രത്യേക റിക്രൂട്ട്മെന്റ് നടത്തുന്നതു സംബന്ധിച്ച് ഈ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതു വ്യക്തമാക്കുമോ; | എ) ഉണ്ട്. 24.1.2011-ാം തീയതിയിലെ സ.ഉ(പി)7/11/SWD നമ്പർ പ്രകാരം 1.1.2004 മുതൽ 31.12.2007 വരെ ബാക്ക് ലോഗായി കണ്ടെത്തിയ 1188 ഒഴിവുകൾ നികത്തുന്നതിലേയ്ക്കായി പ്രത്യേക റിക്രൂട്ട്മെന്റ് നടത്തുന്നതിന്റെ തുടക്കമെന്ന നിലയിൽ ബാക്ക് ലോഗ് തസ്തികകൾ സംബന്ധിച്ച് വ്യക്തത വരുത്താനായി 5.3.2012 ൽ സെക്രട്ടറിയേറ്റ് ഡർബാർ ഹാളിൽ വച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഏകദിന അദാലത്ത് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുശേഷം ത്വരിതഗതിയിൽ പ്രസ്തുത ഒഴിവുകൾ പി.എസ്.സി മുഖേന നികത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) ഇപ്പോൾ നിലവിലുള്ള വികലാംഗർക്കായുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്നും ബാക്ക് ലോഗ് നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ; | (ബി)ബാക്ക് ലോഗ് നിയമനങ്ങൾ പ്രത്യേകമായിട്ടാണ് നടത്തുന്നത്. നിലവിലുള്ള ലിസ്റ്റിൽ നിന്നും ഇത്തരം നിയമനം നടത്തുന്നത് പ്രായോഗികമല്ല. |
| (സി) ഇതുമൂലം സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴിയുള്ള നിയമനത്തിന് ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ കഴിയുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (സി) ബാധകമല്ല.<br><br>സെക്ഷൻ ഓഫീസർ |